**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2848** **13-12-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനു അനുയോജ്യമായ 21 സെന്റ് സ്ഥലം ചെമ്മലമറ്റത്തു കണ്ടെത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടി വേഗത്തിൽ ആക്കാൻ വേണ്ടി 5 ഹെക്ടർ വരെയുള്ള ഭൂമി ഏറ്റെടുക്കുന്നതിന് കെ.എസ്.ഇ.ബി.ക്കു എൽ.എ.ആർ.ആർ. ആക്ട് നടപടികളിൽ നിന്ന് ഇളവ് നൽകണമെന്നും നേരിട്ട് സ്ഥലം വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്നും കാണിച്ച് സർക്കാരിലേക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൻമേലുള്ള തീരുമാനം വരുന്ന മുറക്ക് സ്ഥലമേറ്റെടുപ്പ് നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതാണ്. |
| (ബി) | മണ്ഡലത്തിലെ കണമല പ്രദേശത്ത് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | പരിഗണനയിലുണ്ട് . |
| (സി) | എരുമേലി 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും കണമല പ്രദേശത്തേക്ക് 20 കി.മീ. അധികം ദൂരമുള്ളതിനാൽ പ്രസ്തുത പ്രദേശത്തെ വൈദ്യുതി തടസ്സത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി കണമലയിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പരിഗണനയിലുണ്ട് . |

സെക്ഷൻ ഓഫീസർ